## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2385
### 18.12.2012 – ൽ മറുപടി പറയേണ്ടത്

### വിദ്യാഭ്യാസ വായ്പയും ബാങ്കുകളും

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി (ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് മുഖ്യമായും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ (IBA) മാനദണ്ഡങ്ങൾ പ്രകാരമാണ്. അതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വായ്പകൾ നിഷേധിക്കുന്നുവെന്ന പരാതികളുടെ പശ്ചാത്തലത്തിൽ ഇതിനകം നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയത്; | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ ജില്ലാ കളക്ടർ, ലീഡ് ഡിസ്ട്രിക്ട് മാനേജർ ജില്ലാ പ്ലാനിംഗ് ഓഫീസർ, പ്രധാന ബാങ്കിന്റെ പ്രതിനിധികൾ എന്നിവരടങ്ങിയ സമിതി ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റിന് നേരിട്ട് ലഭിക്കുന്ന പരാതികൾ സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം കണ്ടെത്തി വരുന്നു. വിദ്യാഭ്യാസ വായ്പ അനുവദിക്കാൻ/നിരസിക്കാനുള്ള അധികാരം അപേക്ഷ സ്വീകരിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥന്റെ മേലധികാരിക്കാണ്. |
| (സി) | ഇത് സംബന്ധമായ പരാതികൾ സ്വീകരിക്കുവാനും അവയ്ക്ക് പരിഹാരം കാണുന്നതിനും എന്തെല്ലാം സംവിധാനം നിലവിലുണ്ട്; | |
| (ഡി) | വിദ്യാഭ്യാസ വായ്പയുടെ പലിശയ്ക്ക് സഹായം നൽകുന്നതിന് എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ് ഇതിന് പ്രാബല്യം ഉള്ളത്? | ഉണ്ട് ഇതു സംബന്ധിച്ച സ.ഉ. (സാധാ) നം. 132/12/പ്ലാനിംഗ് തീയതി 10.04.2012, സ.ഉ. (കൈ) 36/12/പ്ലാനിംഗ് തീയതി 18.10.2012 എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ